പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5049 | 30-06-14 – ൽ മറുപടിക്ക്

## നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എസ്. ശർമ്മ** | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനത്ത് മത്സ്യക്കുഞ്ഞുങ്ങളെ വ്യാപകമായി പിടിച്ചെടുത്ത് വളത്തിനും, മറ്റാവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) നിരോധിത വലകൾ ഉപയോഗിച്ച് വലിയ അളവിൽ മത്സ്യക്കുഞ്ഞുങ്ങളെ പിടിച്ചെടുക്കുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇത്തരത്തിലുള്ള കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ബി) നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങളെ (മത്സ്യം ഉൾപ്പെടെ) കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ഇംപൗണ്ട് ചെയ്ത് അഡ്ജൂഡിക്കേഷൻ നടത്തി 5000 രൂപ മുതൽ 50000 രൂപ വരെയുള്ള പിഴയും മത്സ്യം ഉൾപ്പെടെ ഇംപൗണ്ട് ചെയ്യുന്ന യാനങ്ങളെ സംബന്ധിച്ച് മത്സ്യത്തിന്റെ വിലയുടെ അഞ്ചിരട്ടിവരെയുള്ള പിഴയും ഈടാക്കുന്നുണ്ട്. കൂടാതെ അത്തരം യാനങ്ങളുടെ രജിസ്ട്രേഷനും ലൈസൻസും താൽക്കാലികമായി റദ്ദാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപോലെ കുറ്റം വീണ്ടും ആവർത്തിക്കുന്ന സംഗതിയിൽ യാനവും വലയും സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിന് കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിൽ വ്യവസ്ഥയുണ്ട്. ഇപ്രകാരം പല കേസ്സുകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ നിയമ നടപടികൾ സ്വീകരിച്ച് മറൈൻ എൻഫോഴ്സ്മെന്റ് 95000/- രൂപ പിഴ ഈടാക്കുകയും വലകൾ സർക്കാരിലേക്ക് കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്. നിരോധിത വലകൾ ഉപയോഗിക്കുന്നതിനെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ